**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **23-07-2021 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ വാട്ടർമീറ്ററുകൾക്കു പകരം സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; എത്ര ശതമാനം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | കൊച്ചി കോർപ്പറേഷൻ പരിധിയിലുള്ള വാർഡുകളിൽ സ്മാർട്ട് സിറ്റി മിഷൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിൽ 500 സ്മാർട്ട് മീറ്ററുകൾ സ്ഥാപിയ്ക്കുവാൻ ഒരു കോടി രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളത്. ഇതിൽ 110 എണ്ണം സ്ഥാപിച്ചു കഴിഞ്ഞു.<br>പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന പദ്ധതിയായതിനാൽ ആകെ ഉപഭോക്തൃശതമാനം കണക്കാക്കുവാൻ സാധിക്കില്ല. കൂടാതെ തിരുവനന്തപുരം നഗരത്തിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി, സർക്കാർ ഓഫീസുകൾക്കും പ്രതിമാസം കുറഞ്ഞത് 300 കി.ലി (300 KL) മുകളിൽ ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കും, പരീക്ഷണാടിസ്ഥാനത്തിൽ സാധാരണ മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിയ്ക്കുന്ന പ്രവർത്തിയും കേരള ജല അതോറിറ്റി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്.<br>ഒന്നാംഘട്ടമായി 394 സ്മാർട്ട് മീറ്ററുകളാണ് സ്ഥാപിയ്ക്കേണ്ടത്. ഇതിൽ 269 സ്മാർട്ട് മീറ്ററുകൾ ഇതിനോടകം സ്ഥാപിച്ചു കഴിഞ്ഞു. മീറ്ററുകളുടെ റീഡിംഗ് രേഖപ്പെടുത്തുന്നതിന് ഇന്റർലിങ്കിങ് സോഫ്റ്റ്‌വെയർ കൂടി രൂപപ്പെടുത്തേണ്ടതുണ്ട്. 400 മീറ്ററുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന രണ്ടാം ഘട്ട പ്രവർത്തികൾക്കുള്ള കരാർ ഒപ്പിടുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ